## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**1468** 08.02.2013-ലെ മറുപടിക്ക്

### ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് ; വിശദമാക്കുമോ ; | (എ) ഉണ്ട്. 14.08.2009-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പാലത്തിന്റെ കരാർ ശ്രീ.ജോസ് തോമസ്സ് എന്ന കരാറുകാരന് 03.09.2010-ൽ 24% അധികരിച്ച നിരക്കിൽ അനുവദിച്ച് നൽകുകയുണ്ടായി. പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചപ്പോൾ, വനം വകുപ്പ് പാലം പണിയുവാൻ ഉദ്ദേശിക്കുന്ന പുഴയുൾപ്പെടെ റോഡിന്റെ പടിഞ്ഞാറു ഭാഗത്തെ പ്രദേശങ്ങൾ വനഭൂമിയാണെന്ന് പറഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെയ്പ്പിച്ചു. തുടർന്ന് 0.14 ഹെക്ടർ വനഭൂമി വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 04.01.2011-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 26.09.11-ൽ വനഭൂമി പാലം നിർമ്മാണത്തിന് ലഭ്യമാക്കിക്കൊണ്ട് അനുവാദം ലഭിച്ചെങ്കിലും ശ്രീ.ജോസ് തോമസ്സ് പാലം പണി പുനരാരംഭിക്കുവാൻ വിസമ്മതിച്ചു. നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റും അതിന്റെ എക്സസ്സും കിട്ടിയാലേ പ്രവൃത്തി തുടങ്ങൂ എന്ന് കോൺട്രാക്ടർ അറിയിച്ചിരിക്കുകയാണ്. |
| (ബി) ഇതിലെ സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണ് ; | (ബി) കോൺട്രാക്റ്റ് ടെർമിനേറ്റ് ചെയ്ത ശേഷം 2009-ലെ ഷെഡ്യൂൾ നിരക്ക പുതുക്കി 2012-ലെ ഷെഡ്യൂൾ നിരക്ക പ്രകാരം എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യേണ്ടതാണ്. |

| | |
|---|---|
| (സി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ ? | (സി) ഉടമ്പടി പ്രകാരമുള്ള നിരക്ക് അനുസരിച്ച് പ്രവൃത്തി തുടങ്ങാൻ കരാറുകാരൻ വിസ്സമ്മതിച്ചതിനാൽ, ഉടമ്പടി റദ്ദ് ചെയ്ത്, 2012-ലെ ഷെഡ്യൂൾ നിരക്ക പ്രകാരം എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ